**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2608** **13-02-2024 - ൽ മറുപടിയ്ക്ക്**

**ക്ഷേമ പെൻഷൻ നൽകുന്നതിന് രൂപീകരിച്ച കമ്പനി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ. ബി. സതീഷ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ക്ഷേമ പെൻഷൻ നൽകുന്നതിന് വേണ്ടി സംസ്ഥാന സർക്കാർ രൂപീകരിച്ച പെൻഷൻ കമ്പനിയുടെ ഘടന എങ്ങനെയാണെന്ന് വ്യക്തമാക്കാമോ; | (എ) | ചെയർമാൻ- ബഹു.ധനകാര്യ വകുപ്പ് മന്ത്രി<br><br>മാനേജിംഗ് ഡയറക്ടർ- ധനകാര്യ വകുപ്പ് സെക്രട്ടറി.<br><br>ഡയറക്ടർമാർ<br><br>1. ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി<br>2. തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറി<br>3. ധനകാര്യ (രഹസ്യ) വകുപ്പ് അഡീഷണൽ സെക്രട്ടറി/ ജോയിന്റ് സെക്രട്ടറി<br>4. ധനകാര്യ (എസ്.എഫ്.സി) വകുപ്പ് അഡീഷണൽ സെക്രട്ടറി/ ജോയിന്റ് സെക്രട്ടറി<br>5. ധനകാര്യ (ബജറ്റ്) വകുപ്പ് അഡീഷണൽ സെക്രട്ടറി/ ജോയിന്റ് സെക്രട്ടറി<br>6. ധനകാര്യ വകുപ്പിന്റെ പ്രതിനിധി |
| (ബി) | സംസ്ഥാനത്തെ ക്ഷേമ പെൻഷൻ വിതരണം പൂർണ്ണമായും പ്രസ്തുത കമ്പനിയാണോ നിറവേറ്റുന്നത്; കമ്പനിയുടെ സാമ്പത്തിക സമാഹരണം എങ്ങനെയാണ്; വിശദാംശം ലഭ്യമാക്കാമോ? | (ബി) | സാമൂഹ്യ സുരക്ഷാ പെൻഷനും 16 ക്ഷേമനിധി ബോർഡുകളുടെ പെൻഷനും പൂർണ്ണമായും കമ്പനിയിൽ നിന്നാണ് വിതരണം ചെയ്യുന്നത്. കമ്പനിയുടെ രൂപീകരണ ഉത്തരവ് പ്രകാരം കേന്ദ്ര സർക്കാരിൽ നിന്ന് എൻ.എസ്.എ.പി പദ്ധതിയിലൂടെ ലഭിക്കുന്ന വിഹിതം, സംസ്ഥാന ബജറ്റ് വിഹിതം, പൊതുജനങ്ങളിൽ നിന്നും പൊതുമേഖല സ്ഥാപനങ്ങളിൽ നിന്നും മറ്റ് സ്ഥാപനങ്ങളിൽ നിന്നും കണ്ടെത്തുന്ന ഫണ്ട് എന്നിവയാണ് സാമൂഹിക സുരക്ഷാ പെൻഷൻ വിതരണത്തിനായുള്ള കമ്പനി ധനസമാഹരണ മാർഗ്ഗങ്ങൾ. |

സെക്ഷൻ ഓഫീസർ